(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരണമടഞ്ഞ 717 പ്രവാസികളുടെ ആശ്രിതർക്ക് നോർക്ക വകുപ്പിന്റെ സാന്ത്വന പദ്ധതിവഴി 4,86,08,000 രൂപയും കേരള പ്രവാസി കേരളീയ ക്ഷേമബോർഡിലെ 196 അംഗങ്ങളുടെ ആശ്രിതർക്ക് ക്ഷേമനിധിയിൽനിന്ന് 60,30,165 രൂപയും മരണാനന്തര സഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോർക്ക റൂട്ട്സിന്റെ ചെയർമാൻ ഫണ്ടിൽനിന്ന് 759 പേർക്ക് 1,34,92,152 രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

പ്രവാസികളെ കബളിപ്പിച്ച് പണം തട്ടിയ സംഭവങ്ങൾ

59 (7356) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രവാസികളെ കബളിപ്പിച്ച് പണം തട്ടിയെടുക്കുന്ന സംഭവങ്ങളിൽ പോലീസ് വേണ്ടത്ര താല്പര്യം കാണിക്കാത്തതിനാലും എംബസികൾ മുഖേന നൽകുന്ന പരാതികൾപോലും ഫലപ്രദമായി അന്വേഷിക്കാത്തതിനാലും സംസ്ഥാന പോലീസ് ആസ്ഥാനത്ത് പ്രവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഐ.ജി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ വേഗത്തിലും ഫലപ്രദമായ രീതിയിലും കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്ത് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ എൻ.ആർ.ഐ. സെൽ പ്രവർത്തിക്കുന്നുണ്ട്. പ്രവാസികളുടെ പരാതികൾ സ്വീകരിക്കുന്നതിനും മുൻപ് നൽകിയ പരാതികളുണ്ടെങ്കിൽ ആയതിന്റെ സ്ഥിതിവിവരം അറിയിക്കുന്നതിനുമായി 0471-2721547, 0471-2729685, 0471-2724890, 0471-2722768 എന്നീ മുഴുവൻ സമയ ഹെൽപ്പ് ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എൻ.ആർ.ഐ. സെല്ലിലെ പ്രധാനപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ ചുവടെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് ആവശ്യമായ സഹായം തേടാവുന്നതുമാണ്.

പോലീസ് സൂപ്രണ്ട് - 9497996994

ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് - 9497990150

ഇൻസ്പെക്ടർ ഓഫ് പോലീസ് - 9497987225

കൂടാതെ പ്രവാസികൾക്ക് spnri.pol@kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയും തപാൽ മുഖേന സർക്കാരിന് നേരിട്ടും, സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം, കേരള, തിരുവനന്തപുരം-10 എന്ന മേൽവിലാസത്തിലും പരാതി നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly